പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 218 **28-10-2026-ൽ മറുപടിയ്ക്ക്**

അമൃത് 2.0 കുടിവെള്ള പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) അമൃത് 2.0 പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിൽ എല്ലാ കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും കുടിവെള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും കുടിവെള്ള പൈപ്പ്ലൈൻ ശൃംഖല വിപുലീകരിക്കുന്നതിനും ഇതുവരെ കുടിവെള്ള കണക്ഷൻ ലഭിക്കാത്ത കുടുംബങ്ങൾക്ക് കണക്ഷൻ നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: കേരളത്തിലെ 6 കോർപ്പറേഷനുകളിലും 87 മുനിസിപ്പാലിറ്റികളിലുമായി ആകെ 93 നഗരസഭാ പ്രദേശങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും പൈപ്പിലൂടെ കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് 2.0 നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റിക്ക് 2220.25 കോടി രൂപയുടെ 222 കുടിവെള്ള വിതരണ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ 433 പാക്കേജുകളായി വിഭജിച്ചിട്ടുള്ളതിൽ 181 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

നഗരസഭകൾ നേരിട്ട് നടപ്പിലാക്കുന്ന 21 ചെറുകിട ജലവിതരണ പദ്ധതികളിൽ 27 പാക്കേജുകളിൽ മൂന്ന് പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. അമൃത് 2.0 പദ്ധതിയിലൂടെ ആകെ 4.35 ലക്ഷം പുതിയ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും നിലവിലുള്ള കുടിവെള്ള വിതരണ ശൃംഖല വിപുലീകരിച്ച് ശക്തിപ്പെടുത്തുന്നതിനും അധിക ജലശുദ്ധീകരണശേഷി നടപ്പിലാക്കാനും നിലവിലുള്ള സംവിധാനങ്ങളുടെ ശേഷി വർധിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഇവ പ്രാവർത്തികമാക്കാനുള്ള നടപടികൾ ത്വരിത ഗതിയിൽ പുരോഗമിച്ചു വരുന്നു.

നിലവിൽ കുടിവെള്ള കണക്ഷൻ ലഭ്യമല്ലാത്ത കുടുംബങ്ങളുടെ വിവരം അതാതു നഗരസഭ ലിസ്റ്റ് നൽകുന്ന മുറക്ക് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കണക്ഷൻ നൽകി വരുന്നു. പദ്ധതിയുടെ ഭാഗമായി ഇതുവരെ ഏകദേശം 1,95,000 കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. അമൃത് 2.0 പ്രവൃത്തികളിലായി 790.29 കോടി (WSS 781.89, MWSS - 8.39) രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി പുതിയ ജലശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ ശേഷി വർധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: അമൃത് 2.0 പദ്ധതിയുടെ ഭാഗമായി പുതിയ 10 ജലശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ജലശുദ്ധീകരണശാലകളുടെ ശേഷി വർധിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആകെ 107 MLD ശേഷിയുള്ള പുതിയ ജലശുദ്ധീകരണശാലകൾ സ്ഥാപിക്കുന്നതിനും കോഴിക്കോട് പെരുവണ്ണാമൂഴി, നെടുമങ്ങാട് പെരുമല, അരുവിക്കര എന്നിവിടങ്ങളിലെ നിലവിലുള്ള ജലശുദ്ധീകരണശാലകളുടെ ശേഷി ആകെ 52.25 MLD വർധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പുതിയ ജലശുദ്ധീകരണശാലകൾ സ്ഥാപിക്കൽ

ക്രമ നമ്പർ	സ്ഥലം	നിർദിഷ്ട ശേഷി
1	ഷൊർണൂർ	1.5 MLD
2	പത്തനംതിട്ട	10 MLD
3	പീച്ചി, തൃശ്ശൂർ	20 MLD
4	മുലയം, തൃശ്ശൂർ	3 MLD
5	ആറാട്ടുപുഴ, തൃശ്ശൂർ	5 MLD
6	പരപ്പനങ്ങാടി	9 MLD
7	മലപ്പുറം	7.5 MLD
8	കുന്നംകുളം	15 MLD
9	പുനലൂർ	16 MLD
10	മേവല്ലൂർ, വൈക്കം	20 MLD
ആകെ		**107 MLD**

2. നിലവിലുള്ള ജലശുദ്ധീകരണശാലയുടെ ശേഷി വർധിപ്പിക്കൽ

ക്രമ നമ്പർ	സ്ഥലം	നിലവിലുള്ള ശേഷി	വർധിപ്പിച്ച ശേഷി	അധിക ശേഷി
1	പെരുവണ്ണാമൂഴി, കോഴിക്കോട്	174 MLD	210 MLD	36 MLD
2	പെരുമല, നെടുമങ്ങാട്	13.75 MLD	20 MLD	6.25 MLD
3	അരുവിക്കര, തിരുവനന്തപുരം	72 MLD	82 MLD	10 MLD

ഈ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു.

(സി) പദ്ധതികൾ നടപ്പിലാക്കുന്നതിൽ പൈപ്പ്ലൈൻ സ്ഥാപിക്കൽ, റോഡ് വെട്ടിപ്പൊളിക്കാനുള്ള അനുമതി, ഭൂമി ലഭ്യത തുടങ്ങിയവയുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: അമൃത് 2.0 പദ്ധതിയിൽ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ റോഡ് കട്ടിംഗ് അനുമതി, റെയിൽവേ അനുമതി, തദ്ദേശ വകുപ്പിൽ നിന്നുള്ള ഭൂമി കൈമാറി ലഭിക്കുന്നത്, എന്നിവയിൽ കാലതാമസം ഉൾപ്പെടെയുള്ള തടസ്സങ്ങൾ നേരിടുന്നുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സെക്രട്ടറി തലത്തിലുള്ള യോഗങ്ങൾ, എം.പി.മാരുടെ കോൺഫറൻസുകൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ എന്നിവ ചേർന്ന് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

ചില സ്ഥലങ്ങളിൽ റോഡുകളുടെ ഡിഫെക്ട് ലയബിലിറ്റി പീരിയഡുമായി (DLP) ബന്ധപ്പെട്ട് അനുമതികൾ ലഭിക്കുന്നതിൽ ഇപ്പോഴും കാലതാമസം നിലനിൽക്കുന്നുണ്ട്. ഇത്തരം വിഷയങ്ങളും ഉന്നതതല ചർച്ചകളിലൂടെ പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) പദ്ധതിയുടെ ഭാഗമായി അനുവദിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി ജനങ്ങൾക്ക് പ്രയോജനം ലഭ്യമാക്കുന്നതിന് നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

മറുപടി: ഉണ്ട്. പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും നിർവഹണവുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുന്നതിനുമായി ബന്ധപ്പെട്ട ഫീൽഡ് ഉദ്യോഗസ്ഥരുമായി കൃത്യമായ ഇടവേളകളിൽ അമൃത് ഡയറക്ടറും കേരള വാട്ടർ അതോറിറ്റിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

കൂടാതെ, സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ് (CMMU), സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ് (SMMU) എന്നിവ മുഖേനയും പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിച്ചു വരുന്നു. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് അധ്യക്ഷനായ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി (SLTC), ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് ഹൈ പവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി (SHPSC) കൂടാതെ സംസ്ഥാന PWD സ്പെഷ്യൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗങ്ങളിലും പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും നിർവഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു.

(ഇ) കുടിവെള്ള വിതരണത്തിന്റെ ഗുണനിലവാരവും തുടർച്ചയും ഉറപ്പാക്കുന്നതിനും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്ന നഗരപ്രദേശങ്ങൾക്ക് മുൻഗണന നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: കുടിവെള്ള വിതരണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന ജലശുദ്ധീകരണശാലകൾ, വിതരണശൃംഖലകൾ, ഗാർഹിക കണക്ഷനുകൾ എന്നിവിടങ്ങളിൽ നിന്നുള്ള ജലത്തിന്റെ ഗുണനിലവാരം നിശ്ചിത ഇടവേളകളിൽ പരിശോധിച്ചു വരുന്നു. കൂടാതെ പല നഗരസഭകളിലും കുടിവെള്ള ഗുണനിലവാരം അമൃത് മിത്ര പദ്ധതി പ്രകാരം പരിശോധിക്കുന്നുണ്ട്.

വേനൽക്കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്ന് പ്രത്യേക ഭരണാനുമതി നൽകി പ്രവൃത്തികൾ ഏറ്റെടുക്കുന്നുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമായ

പ്രദേശങ്ങളിലെ ആവശ്യകത പരിഗണിച്ച് ഇത്തരം പ്രവൃത്തികൾക്ക് മുൻഗണന നൽകുകയും, സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ